# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1227** **11.06.2019 ൽ മറുപടിക്ക്**

**ദേശീയപാതയിൽ കരുനാഗപ്പള്ളിയിലെ സുരക്ഷാ ക്രമീകരണങ്ങൾ**

| ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ ദേശീയപാതയിലെ അപകട സാദ്ധ്യത ഒഴിവാക്കുന്നതിനുവേണ്ടി ഏതെല്ലാം പ്രവൃത്തികളാണ് നടന്നുവരുന്നത് എന്ന് വിശദീകരിക്കുമോ; | (എ) 1. കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ ദേശീയ പാതയിൽ ഹൈസ്കൂൾ ജംഗ്ഷൻ മുതൽ ഹോസ്പിറ്റൽ ജംഗ്ഷൻ വരെ റോഡിന്റെ ഇരുവശങ്ങളിലും ഇന്റർലോക്ക് ഇട്ട് വീതി കൂട്ടിയുള്ള പ്രവൃത്തി ചെയ്തിട്ടുണ്ട്.<br>2. കരുനാഗപ്പള്ളി, പുതിയകാവ്, ഓച്ചിറ എന്നീ ജംഗ്ഷനുകളിൽ ട്രാഫിക് സിഗ്നലുകൾ സ്ഥാപിച്ചിട്ടുണ്ട്.<br>3. സിവിൽ സ്റ്റേഷൻ മുതൽ ലാലാജി ജംഗ്ഷൻ വരെയുള്ള ഭാഗം വീതി കൂട്ടി മീഡിയൻ, സിഗ്നൽ എന്നിവ സ്ഥാപിച്ച് ബ്ലാക്ക് സ്പോട്ട് ഒഴിവാക്കിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയിൽ പുതിയകാവു മുതൽ വവ്വാക്കാവ് വരെയുള്ള ഭാഗത്ത് എന്തെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) പുതിയകാവ് ജംഗ്ഷനിൽ ദേശീയപാത Old NH Rectification നടത്തി one way ആക്കി divider സ്ഥാപിച്ച് Black spot work ൽ ഉൾപ്പെടുത്തി ചെയ്തിട്ടുണ്ട്. |
| (സി) കരുനാഗപ്പള്ളി ടൗൺ മുതൽ ഓച്ചിറ വരെയുള്ള ഭാഗത്ത് റോഡിന് വീതികൂട്ടി ഡിവൈഡർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | (സി) ഓച്ചിറ വലിയ കുളങ്ങര മുതൽ ചങ്ങൻ കുളങ്ങര വരെയുള്ള ഭാഗം Black spot work-ൽ വീതി കൂട്ടി divider സ്ഥാപിക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ